കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail: dokkd.ksad@gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ.കെ.കെ.ഡി/പി.5/2200 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

ഇ-മെയിൽ -dokkd.ksad@gov.in

വെബ് -www.lfa.kerala.gov.in

ഫോൺ - 0495 2371012

തീയതി. 12-01-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

വില്ല്യാപ്പള്ളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

കെ.എസ്.എ.കെ.കെ.ഡി/പി.5/2200 /2016 തിയ്യതി: 12-01-2016

# കോഴിക്കോട് ജില്ലയിലെ വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015മുതൽ 29.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ കെ.കെ സതീഷ് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 30.11.2016 മുതൽ 14.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ മോഹൻ കരുന്നംമനക്കൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ പ്രശാന്ത് സി.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ സുഗുണൻ.വി , സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ദേവാനന്ദ്.ടി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| പ്രസിഡണ്ട് | |
|---|---|
| പേര് | കാലയളവ് |
| ശ്രീമതി കെ.കെ ബിജുള | 01.04.2015മുതൽ 31.10.2015 വരെ |
| ശ്രീ കെ.കെ മോഹനൻ | 12.11.2015 മുതൽ 31.03.2016 വരെ |

( 01.11.2015 മുതൽ 11.11.2015 വരെ ഭരണനിർവ്വഹണ കമ്മിറ്റി )

| സെക്രട്ടറി |
|---|

| പേര് | കാലയളവ് |
|---|---|
| ശ്രീ അനിൽകുമാർ നൊച്ചിയിൽ | 01.04.2015മുതൽ 27.07.2015 വരെ |
| ശ്രീ ടി.ദീപു രാജു | 28.07.2015മുതൽ 31.03.2016 വരെ |

(സി)നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി കെ.ലീല | 01.04.2015മുതൽ 25.07.2015 വരെ |
| | ശ്രീമതി പി.പി ശൈലജ | 26.08.2015മുതൽ 28.09.2015 വരെ |
| | ശ്രീ വി.പി ഹരിദാസൻ | 29.09.2015മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി പി.സനിഷ | 01.04.2015മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി വി.കെ സിന്ദു | 01.04.2015മുതൽ 05.12.2015 വരെ |
| | ശ്രീ അസ്ലം അലി മുഹമ്മദ് | 06.12.2015മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി ഷൈനി.കെ.നമ്പീശൻ | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ശ്രീമതി ശീതൾ കൃഷ്ണൻ | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ശ്രീമതി പി.രാധാമണി | 01.04.2015മുതൽ 31.03.2016 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ എ.സുഗതൻ | 01.04.2015മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ഒ.കെ ശോഭ | 01.04.2015മുതൽ 31.03.2016 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 – പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| ഭാഗം 2 – വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 2-1 |
| 12 | മത്സ്യവിൽപ്പനയ്ക്ക് നൽകിയ മുറികളുടെ വാടക ഈടാക്കുന്നില്ല | 2-2 |
| 13 | പരസ്യനികുതി ഈടാക്കുന്നില്ല | 2-3 |
| 14 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 2-4 |
| ഭാഗം 3 – ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 15 | ഗവ.ഐ.ടി.ഐ സ്ഥാപിക്കലും നടത്തിപ്പും പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്തതായിട്ടും സെക്രട്ടറി സമ്മതപത്രം ഒപ്പിട്ടുനല്കി- ഗ്രാമ പഞ്ചായത്തിന് വർഷം തോറും വൻ ബാധ്യത | 3-1 |
| 16 | മരാമത്ത് പ്രൊജക്ടുകളുടെ ഭാഗികമായ ആസൂത്രണം - സമഗ്രവികസനം തടസ്സപ്പെടുന്നു. | 3-2 |
| 17 | ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവൃത്തികൾ - അപാകതകൾ | 3-3 |
| 18 | ടെണ്ടർ കുറവ് ഫൈനൽ ബില്ലിൽ നിന്നും കുറക്കാതെ തുക നല്കി | 3-4 |
| 19 | മരാമത്ത് പ്രവൃത്തികൾക്കായുള്ള പ്രൊജക്ടുകളുടെ നിർവ്വഹണം - പൊതു അപാകതകൾ | 3-5 |
| 20 | വെള്ളറാട്മല സംയുക്ത ജലസേചന പദ്ധതി പൂർത്തീകരിച്ചില്ല | 3-6 |
| 21 | തെങ്ങിന് ജൈവ വള വിതരണം- പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ | 3-7 |
| 22 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-8 |
| 23 | തെരുവ് വിളക്ക് റിപ്പയർ - അപാകതകൾ | 3-9 |
| 24 | മാലിന്യ നിർമാർജ്ജനം- പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ | 3-10 |
| 25 | പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണം- അപാകതകൾ | 3-11 |

| | | |
|---|---|---|
| 26 | ജൈവ പച്ചക്കറി കൃഷി - പ്രോജക്റ്റ് നിർവഹണത്തിലെ അപാകതകൾ. | 3-12 |
| 27 | സ്വകാര്യവ്യക്തിയുടെ മരം മുറിച്ച് മാറ്റിയതിന്റെ തുക ഈടാക്കിയില്ല | 3-13 |
| 28 | അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്തിട്ടില്ല | 3-14 |
| 29 | പ്രേരകുമാരുടെ ഹോണറേറിയം തുക കൃത്യമായി തിരികെ ലഭിക്കുന്നില്ല | 3-15 |
| 30 | വായനശാലകൾക്ക് നൽകുന്ന പത്രം തിരികെ വാങ്ങുന്നില്ല | 3-16 |
| 31 | ഭവനനിർമ്മാണം: ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല | 3-17 |
| ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 35 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| അനുബന്ധം | | |
| 41 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25.03.2015ലെ 138(2)/14-15 നമ്പർ തീരുമാനപ്രകാരവും, പുതുക്കിയ ബജറ്റ് 04.03.2016ലെ 183(1)/15-16 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 20.07.2016 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 02.12.2016 | ഓഡിറ്റ് സർട്ടിഫിക്കറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,49,61,394 |
| വരവ് | 3,08,85,055 |
| ആകെ | 5,58,46,449 |
| ചെലവ് | 4,60,83,653 |
| നീക്കിയിരിപ്പ് | 97,62,796 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് /ലാപ്സായത് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 984180 | 260000<br>1501774 | 9390577 | 2745954 | (+)6644623<br>(-)6644623 | ഇല്ല | 100 |
| വികസനഫണ്ട് (എസ്.സി.പി) | 2583550 | 776050 | 3359600 | 916050 | (-)2443550 | ഇല്ല | 100 |
| വികസനഫണ്ട് (ടി.എസ്.പി) | -- | -- | -- | -- | -- | -- | -- |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 3319870 | ഇല്ല | 3319870 | 3319870 | -- | ഇല്ല | 100 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 603954 | ഇല്ല | 603954 | 603954 | -- | ഇല്ല | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 427403 | 6173530 | 6600933 | 4991516 | (-)1604917 | ഇല്ല | 100 |
| പെർഫോമൻസ് ഗ്രാന്റ് | 3252000 | 772156 | 4024156 | 1432500 | (-)2591656 | ഇല്ല | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | 1008 | 11901772 | 11902780 | 11902293 | -- | 487 | 99.99 |
| ബി ഫണ്ട് | -- | 31402095 | 31402095 | 31402095 | -- | -- | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 263 | 66571098 | 121 | 27311483 | 3 | 155 | 43.84 |

മേഖല തിരിച്ച് വിവരം താഴെ ചേർക്കുന്നു.

| മേഖല | ജനറൽ പ്രൊജക്റ്റുകൾ | | പട്ടികജാതി | | പട്ടിക വർഗ്ഗം | | ആകെ | നടപ്പാക്കിയവ |
|---|---|---|---|---|---|---|---|---|
| | ആകെ | നടപ്പാക്കിയവ | ആകെ | നടപ്പാക്കിയവ | ആകെ | നടപ്പാക്കിയവ | | |
| ഉൽപാദനം | 19 | 14 | -- | -- | -- | -- | 19 | 14 |
| സേവനം | 72 | 39 | 13 | 11 | -- | -- | 85 | 50 |
| പശ്ചാത്തലം | 172 | 57 | -- | -- | -- | -- | 172 | 57 |
| | 263 | 110 | 13 | 11 | -- | -- | 276 | 121 |

2015-16 വർഷം അംഗീകാരം ലഭിച്ച 276 പ്രൊജക്റ്റുകളിൽ 121 എണ്ണമാണ് നടപ്പാക്കിയത്. പകുതിയിലേറെ പ്രൊജക്റ്റുകൾ നടപ്പാക്കിയിട്ടില്ല. ഉൽപാദന മേഖലയിൽ ആകെ 19 പ്രൊജക്റ്റുകൾക്കായി 7798030/- രൂപ. വകയിരുത്തിയതിൽ 14 പ്രൊജക്റ്റുകൾക്കായി 4075901/- രൂപയാണ് ചെലവഴിച്ചത്. പട്ടികജാതി വിഭാഗത്തിനായി ഉൽപാദന മേഖലയിൽ ഒരു പ്രൊജക്റ്റുപോലും ആവിഷ്കരിച്ചിട്ടില്ല. സേവന - പശ്ചാത്തലമേഖലയിലെ ആകെ 244 (യഥാക്രമം 72 ഉം 172 ഉം) പ്രൊജക്റ്റുകളിൽ ആകെ 96 പ്രൊജക്റ്റുകൾ മാത്രമാണ് നടപ്പാക്കിയത്. അസി.എഞ്ചിനീയർ നടപ്പാക്കേണ്ടിയിരുന്ന 198 പ്രൊജക്റ്റുകളും ഈ മേഖലകളിലെ മരാമത്ത് പ്രവൃത്തികളുടെതാണ്. ആകെ അംഗീകാരം ലഭിച്ച പ്രൊജക്റ്റുകളുടെ 72% വും മരാമത്ത് പ്രൊജക്റ്റുകളുടെതാണ്. എന്നാൽ പ്രൊജക്റ്റുകളുടെ ആധിക്യം കാരണം 63 പ്രൊജക്റ്റുകൾ മാത്രമെ അസി. എഞ്ചിനീയർ നടപ്പാക്കിയിട്ടുള്ളൂ. തൻവർഷം നടപ്പാക്കാതിരുന്ന ആകെ155 പ്രൊജക്റ്റുകളിൽ 135 ഉം മരാമത്ത് പ്രൊജക്റ്റുകളാണ്.ചെറിയ തുകകൾ വകയിരുത്തിക്കൊണ്ട് ഭാഗികമായ പൂർത്തീകരണം മാത്രം സാധ്യമാകുന്ന തരത്തിൽ നിരവധി പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നത്, പ്രത്യേകിച്ചും പൊതുമരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ - ഗ്രാമ പഞ്ചായത്തിന്റെ പ്രൊജക്റ്റ് നിർവ്വഹണത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ചതിൽ പകുതിയിലേറെ നിർവ്വഹിക്കപ്പെടാതെ പോകുന്ന അവസ്ഥ ആശാസ്യമല്ല. പ്രൊജക്റ്റുകൾക്കായി വകയിരുത്തിയതിൽ വിനിയോഗിക്കപ്പെടാത്ത പദ്ധതിപ്പണം ഫലത്തിൽ ലാപ്സാവുകയാണ് ചെയ്തത്. പ്രൊജക്റ്റുകളുടെ എണ്ണം കുറച്ചുകൊണ്ട് ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനം, സേവന മേഖലയിലെ ഫലപ്രദമായ ഇടപെടൽ എന്നിവ സാധ്യമാക്കുന്ന തരത്തിൽ പ്രൊജക്റ്റുകൾ ആസൂത്രണം ചെയ്യുന്നതിന് ശാസ്ത്രീയവും പ്രായോഗികവുമായ സമീപനം സ്വീകരിക്കേണ്ടതാണ്.

വിഷയത്തിലേക്ക് ഭരണ സമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 48.92 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 71,51,210 | 28,53,814 | 42,97,396 | - 60.09 |
| നികുതിയേതര വരവുകൾ | 11,92,175 | 13,46,144 | 1,53,969 | + 12.91 |
| മറ്റുവരവുകൾ | 56,303 | 90,553 | 34,250 | + 60.83 |
| ആകെ | 83,99,688 | 42,90,511 | 41,09,177 | - 48.92 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,61,600 | 182 |
| കർഷകതൊഴിലാളി പെൻഷൻ | 36,91,200 | 493 |
| വിധവാപെൻഷൻ | 1,21,37,880 | 1344 |
| വാർദ്ധക്യകാലപെൻഷൻ | 1,09,18,110 | 1361 |
| വികലാംഗപെൻഷൻ | 34,13,425 | 354 |
| അവിവാഹിത പെൻഷൻ | 6,19,880 | 74 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 3,60,000 | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.11.2016ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 31,360/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ /തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.10.2016 | 09/2016 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.07.2004 മുതൽ 17.07.2004 വരെ | 1997-98 മുതൽ 2003-04 വരെ | സ്പെ.സെൽ(എച്ച്.ക്യ) IV 8എ-658/386 തീയതി 31.08.2004 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. നിർവ്വഹണോദ്യോഗസ്ഥരുടെ ബില്ലുകൾ പ്രകാരം ഈടാക്കിയ വാറ്റ്, ആദായ നികുതി,നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ അക്കൗണ്ട് ചെയ്തിട്ടില്ല.

2. ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരംആസ്തികളുടെ മൂല്യത്തിന്റെ(45410627/-) കൃത്യത വ്യക്തമല്ല. സാംഖ്യാധിഷ്ഠിത സമ്പ്രദായത്തിലേയ്ക്ക് മാറുന്ന തിയ്യതി വരെ സൂക്ഷിച്ച ആസ്തികളുടെ മൂല്യം ബാലൻസ് ഷീറ്റിലുൾപ്പെടുത്തിയിട്ടില്ല.

3. വാർഷിക കണക്ക് പ്രകാരം ഐ.സി.ഡി.എസ് സ്കീമിനുള്ള കേന്ദ്ര വിഹിതം വരവ് 113600/- ((RP31)ആണ്. എന്നാൽ ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം 192413/- (189451+ 2962) രൂപയാണ്.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 മത്സ്യവിൽപ്പനയ്ക്ക് നൽകിയ മുറികളുടെ വാടക ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സിൽ മത്സ്യവിൽപ്പനയ്ക്കായി നൽകിയ മുറികളുടെ (നമ്പർ 3/1135, 3/1136 & 3/1137) വാടക 2014-15, 2015-16 വർഷങ്ങളിൽ ഈടാക്കിയിട്ടില്ല. വാടക ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 25/13.12.16) 14.12.16 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് (നമ്പർ എ.4-6554/16). മത്സ്യവിൽപ്പനയ്ക്കുള്ള മുറികൾ ഓരോ വർഷവും ആളുകൾ ലേലത്തിന് കൈപ്പറ്റുകയാണ് പതിവെന്നും, മത്സ്യമാർക്കറ്റിന് ഉണ്ടായിരിക്കേണ്ട സൗകര്യങ്ങൾ ഒന്നുംതന്നെ പ്രസ്തുത മുറികൾക്ക് ഇല്ലാത്തതിനാലും മത്സ്യമാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ ഉൾപ്പെടുന്ന കെട്ടിടം പുതുക്കി പണിയുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങിയതിനാലും 2014-15 മുതൽ മത്സ്യമാർക്കറ്റ് ലേലം ഒഴിവാക്കുവാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് (തീരുമാനം നമ്പർ 156(1)/2013-14/17.03.14) പ്രസ്തുത വർഷം മുതൽ ലേലം ഒഴിവാക്കിയതെന്നുമാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. ലേലം ഒഴിവാക്കിയെങ്കിലും പ്രസ്തുത മുറികളിൽ ഇപ്പോഴും സ്വകാര്യ വ്യക്തികൾ മത്സ്യവിൽപ്പന നടത്തിവരുന്നുണ്ട്. ഇവരിൽ നിന്ന് മാർക്കറ്റ് ഫീ ഇനത്തിൽ ഒരു തുകയും നിലവിൽ പഞ്ചായത്തിന് ലഭിക്കുന്നില്ല. കെട്ടിടം പുതുക്കിപണിയുന്നതിനുള്ള നടപടികളും ഇതു വരെ ആരംഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ നിലവിലുള്ള അനധികൃത മത്സ്യവിൽപ്പന അവസാനിപ്പിച്ച് കെട്ടിടം പുതുക്കി പണിയുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയോ അല്ലെങ്കിൽ അവരിൽ നിന്ന് മാർക്കറ്റ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 2-3 പരസ്യനികുതി ഈടാക്കുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 209ാം വകുപ്പ് പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പൊതുജനങ്ങൾക്ക് കാണത്തക്കവിധം പരസ്യം പ്രദർശിപ്പിക്കുന്ന ഏതൊരാളും പരസ്യനികുതി കൊടുക്കാൻ ബാദ്ധ്യസ്ഥനാണ്. പരസ്യനികുതി ചുമത്തുന്നതിനുള്ള അധികാരം മേൽ നിയമത്തിലെ 200ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ലഭിച്ചിട്ടുമുണ്ട്. എന്നാൽ വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിലെ വിവിധ അങ്ങാടികളിലും പാതയോരങ്ങളിലും പരസ്യങ്ങൾ പ്രദർശിപ്പിക്കപ്പെടുന്നുണ്ടെങ്കിലും പരസ്യനികുതി ഈടാക്കുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 04/30.11.16) ലഭിച്ച മറുപടിയിൽ ( നമ്പർ എ4-6554/16/30.11.16) വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിലെ പരസ്യനികുതി ബൈലോ ഗവർമ്മെണ്ട് 07.04.2012ലെ സി5-22904/11/കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ടെങ്കിലും പരസ്യനികുതി ലേലത്തിൽ ആരും

പങ്കെടുക്കാത്തതിനാലാണ് ആയത് നടപ്പിൽ വരുത്താൻ കഴിയാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്. തനതുവരുമാനം വർദ്ധിപ്പിക്കാൻ ഉതകുമെന്നതിനാൽ ആവശ്യമായി പ്രചരണം നൽകി വീണ്ടും ലേലം നടത്തുന്നതിനും പരസ്യനികുതി നടപ്പിൽ വരുത്തുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-4 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല

വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2015-16 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | അൻസാർ കോളേജ് വില്ല്യാപ്പള്ളി |
| 2 | അൻസാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, കുട്ടോത്ത് |
| 3 | അൻസാർ ജൂനിയർ കോളേജ്, മേമുണ്ട |
| 4 | അൻസാർ വുമൺസ് കോളേജ്, മേമുണ്ട |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24/13.12.16) ലഭിച്ച മറുപടിയിൽ (നമ്പർ എ4-6554/46/14.12.16) മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2015-16ൽ ഈടാക്കിയിട്ടുണ്ടെന്നും സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗവ.ഐ.ടി.ഐ സ്ഥാപിക്കലും നടത്തിപ്പും പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്തതായിട്ടും സെക്രട്ടറി സമ്മതപത്രം ഒപ്പിട്ടുനല്കി- ഗ്രാമ പഞ്ചായത്തിന് വർഷം തോറും വൻ ബാധ്യത

സംസ്ഥാനത്ത് പുതുതായി അനുവദിക്കപ്പെടുന്ന ഗവ.ഐ.ടി.ഐകളിൽ ഒന്ന് വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ അനുവദിക്കുന്നതിനുള്ള ഗ്രാമപഞ്ചായത്ത് നിവേദനം പരിഗണിച്ച് പുതുതായി ഒരു ഗവ. ഐ.ടി.ഐ ഗ്രാമ പഞ്ചായത്തിൽ 2010-11 വർഷം പ്രവർത്തനം തുടങ്ങുകയുണ്ടായി. ഐ.ടി.ഐ അനുവദിക്കുന്നതിന് ആവശ്യമായ സ്ഥലം,

കെട്ടിടം,ഫർണിച്ചർ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കി വ്യവസായ വകുപ്പിന് കൈമാറണം എന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച ഉറപ്പ് ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കാൻ വ്യവസായ ട്രെയിനിങ്ങ് വകുപ്പ് ഡയറക്ടർ 3.2.2010 ലെ ഐ4/29985/09 നം.കത്ത് മുഖേന ആവശ്യപ്പെട്ടു. ഇതിനെ തുടർന്ന് ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി 16.4.2010 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമ്മതപത്രം ഒപ്പിട്ടു നല്കുകയതിന്റെ അടിസ്ഥാനത്തിൽ ലേബർ ആന്റ് റീഹാബിലിറ്റേഷൻ വകുപ്പിന്റെ 6.8.10ലെ ജി.ഒ (എം.എസ്) നം. 91/2010 /എൽ.വി.ആർ ഉത്തരവ് പ്രകാരം വില്ല്യാപ്പള്ളി ഗ്രാമ പഞ്ചായത്തിൽ ഒരു ഗവ.ഐ.ടി.ഐ അനുവദിച്ചു. ബഹുജന പങ്കാളിത്തത്തോടെയും ബഹു.എം.പി, എം.എൽ.എ എന്നിവരുടെ സഹായത്തോടെയും സ്ഥിരം കെട്ടിടം ലഭ്യമാക്കുമെന്നും അതുവരെ വൈദ്യുതി സൗകര്യത്തോടുകൂടിയ താല്ക്കാലിക കെട്ടിടം, വെള്ളം, ഫർണിച്ചർ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കാമെന്നുമാണ് സമ്മതപത്രത്തിൽ ഉറപ്പുകൊടുത്തത്. ആയതു പ്രകാരം ശ്രീ മെടിയേരി കുനിയിൽ അബ്ദുള്ളയുടെ ഉടമസ്ഥതയിലുള്ള നം.VP/3/621/c2, VP/3/621/C3, VP/3/621/D1, VP/3/621/D2 കെട്ടിടം 5 വർഷത്തേക്ക് ലഭ്യമാക്കുന്നതിനായി ടിയാനുമായി 16.9.2010 ന് സെക്രട്ടറി കരാറിൽ ഏർപ്പെടുകയും കെട്ടിടം ഐ.ടി.ഐ പ്രവർത്തനത്തിനായി ലഭ്യമാക്കുകയും ചെയ്തു. വടകര പി.ഡബ്ല്യൂ.ഡി കെട്ടിട വിഭാഗം എക്സി.എഞ്ചിനീയർ 5.1.2013 ൽ നല്കിയ D4/Rent/5458/2012 നം. കത്ത് പ്രകാരം VP/3/621/c2, VP /3/621/C3 കെട്ടിടത്തിന് 1.12.10 മുതൽ 12677/- രൂപയും VP/3/621/D1, VP/3/621/D2 കെട്ടിടത്തിന് 1.7.11 മുതൽ 12954/- രൂപയും വാടക നിശ്ചയിച്ചു നല്കിയിട്ടുണ്ട്. (ആകെ 25631/-) എന്നാൽ വാടക നല്കുന്നതിന് ഭരണവകുപ്പ് സർക്കാരിൽനിന്നും അംഗീകാരം വാങ്ങിയിരിക്കേണ്ടതാണെന്ന് കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ വാടകയിനത്തിൽ നല്കേണ്ട കുടിശ്ശിക 9,08,931/- രൂപയും എഗ്രിമെന്റ് കാലാവധി തീരുന്നതുവരെ പ്രതിമാസ വാടകയും തനതു ഫണ്ടിൽ നിന്നോ പ്ലാൻഫണ്ടിൽ നിന്നോ നല്കുന്നതിന് 25.3.14ലെയും 26.11.14ലെയും എ1-11249/12 പ്രകാരം സെക്രട്ടറി തദ്ദേശ സ്വയം ഭരണ വകുപ്പിന് അനുമതിക്കു വേണ്ടി അപേക്ഷ നല്കിയിരുന്നെങ്കിലും ആയതിൽ സർക്കാരിൽ നിന്നും അന്തിമ തീരുമാനം ലഭിച്ചിട്ടില്ല. എന്നാൽ 4 വർഷത്തോളമുള്ള വാടക കുടിശ്ശിക നല്കാത്തത് കാരണം കെട്ടിടഉടമസ്ഥൻ വടകര സബ്കോടതിയിൽ നല്കിയ കേസിൽ (OP No. 31/2014) പലിശയുമായി ബന്ധപ്പെട്ട് കെട്ടിട ഉടമസ്ഥനുമായുണ്ടാക്കിയ ധാരണപ്രകാരമുള്ള പലിശ 9000/- രൂപയടക്കം 1.5.14 വരെയുള്ള കുടിശ്ശിക ആകെ 1078832/- രൂപ 31.10.15തീയ്യതിക്കകം നല്കാൻ ബഹു. കോടതി ഉത്തരവാകുകയും ചെയ്തു. സ്ഥിരം കെട്ടിടം ലഭ്യമാക്കാൻ കഴിയാത്തതിനാൽ കരാർ കാലാവധി 15.9.15 ന് അവസാനിച്ചിട്ടും കെട്ടിടം ഐ.ടി.ഐ പ്രവർത്തനത്തിന് ഉപയോഗിക്കുന്നതിനാൽ, ഒഴിയുന്നതുവരെയുള്ള വാടക നല്കുന്നതിന് പഞ്ചായത്തിന് ബാധ്യതയുണ്ടെന്ന് 1.3.16 ൽ ലഭിച്ച നിയമോപദേശ പ്രകാരം കോടതി വിധിപ്രകാരമുള്ള തുകയും തുടർന്നുള്ള വാടകയും ഗ്രാമ പഞ്ചായത്ത് നല്കിയിട്ടുണ്ട്. ഐ.ടി.ഐ കെട്ടിട വാടക ചെലവ് നാളിതുവരെ താഴെ ചേർക്കുന്നു.

| കാലാവധി | വാടക | ആദായനികുതി ഇനത്തിൽ റിക്കവറി 10% | വൗച്ചർ നം. | റിമാർക്സ് |
|---|---|---|---|---|
| കെട്ടിട നം.VP/3/621/C2, VP/3/621/C3 - 1.12.10 മുതൽ 31.5.14 വരെ @12677/-<br>കെട്ടിട നം.VP/3/621/D1, VP/3/621/D2 - 1.7.11 മുതൽ | 1087332/- | 108740/- | 21500627/ 28.10.15 | ബഹു.കോടതി വിധിപ്രകാരമുള്ള ആകെ തുക. |

| | | | | |
|---|---|---|---|---|
| 31.5.14 വരെ @12954/ | | | | |
| 1.614 മുതൽ 15.9.15 വരെ @25631/-(12677+12954) | 397281/- | 39730/- | 21500628/ 29.1015 | ചെലാൻ നം. 280/281 തീയ്യതി 9.11.15 പ്രകാരം ആദായ നികുതി 14870/-(108740 + 39730) രൂ. അടച്ചിട്ടുണ്ട്. |
| 16.9.15 മുതൽ 15.2.16 വരെ @25631/-(12677+12954) | 128155/- | 12816/- | 21600077/ 13.4.16 | ചെലാൻ നം. 280/281 തീയ്യതി 16.4.16 പ്രകാരം ആദായ നികുതി 12816/-രൂ. അടച്ചിട്ടുണ്ട്. |
| നാളിതുവരെ വാടകയിനത്തിലെ ചെലവ് | 1612768/- | | | |

ഗ്രാമ പഞ്ചായത്തിന്റെ കൈവശം വ്യസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി വില്ല്യാപ്പള്ളി വില്ലേജിലെ റി.സ.56.7 ൽപ്പെട്ട 1.49 ഹെക്ടർ സ്ഥലത്തിൽ, വ്യവസായ ആവശ്യത്തിനുള്ള പ്ലോട്ട് കഴിച്ച് 1.26ഏക്കർ സ്ഥലം ഐ.ടി.ഐ ക്കായി വിട്ടുനല്കാൻ 30.7.12 ലെ 53/40 നം. പ്രകാരം ഭരണസമിതി തീരുമാനിക്കുകയും ആയതിനുള്ള പ്രപ്പോസൽ 25.10.12 ന് സർക്കാരിലേക്ക് നല്കുകയും ചെയ്തു. ആയത് പ്രകാരം 3.2.15 ലെ സ.ഉ (സാധാ)നം.343/15/തസ്വഭവ പ്രകാരം സർക്കാർ അനുമതി നല്കുകയും ചെയ്തിട്ടുള്ളതാണ്. വ്യവസായ എസ്റ്റേറ്റിനുള്ള സ്ഥലവുമായി വേർതിരിക്കുന്നതിന് 6അടിയിൽ കുറയാത്ത പൊക്കത്തിൽ മതിൽ കെട്ടി വേർതിരിക്കണം എന്ന ഉപാധിയോടെയാണ് സ്ഥലം കൈമാറാൻ സർക്കാർ അനുമതി നല്കിയത്. സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് സെക്രട്ടറി 6.3.15 ലെ എ1-11249/12 കത്ത് മുഖേന വടകര ഗവ.ഐ.ടി.ഐ പ്രിൻസിപ്പലിന് കത്ത് നല്കിയെങ്കിലും ലാന്റ് റവന്യൂ കമ്മീഷണറുടെ LRK-2-18787/12 നം. സർക്കുലർ പ്രകാരം നടപടികൾ സ്വീകരിക്കാൻ 4.4.15 ലെ V2/256/14 നം. കത്ത് മുഖേന പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്ത് നല്കുകയാണ് ചെയ്തിട്ടുള്ളത്. അതായത് സമ്മതപത്രപ്രകാരം ഐ.ടി.ഐ ക്കായി ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കേണ്ട സ്ഥലം കൈമാറുന്നതിന് സർക്കാർ ഉത്തരവായി രണ്ട് വർഷമായിട്ടും കൈമാറ്റ നടപടികൾ എങ്ങുമെത്തിയിട്ടില്ല. സ്വകാര്യവ്യക്തിയുടെ വാടകകെട്ടിടത്തിൽ തന്നെ ഐ.ടി.ഐ പ്രവർത്തിക്കുന്നതിനാൽ വാടകയിനത്തിൽ വൻ ബാധ്യതയും പഞ്ചായത്തിനുണ്ട്. ഐ.ടി.ഐ.സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ ചേർത്ത അപാകതകൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166(1) പട്ടിക 3 പ്രകാരം സർക്കാർ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപെടുന്നില്ല. വകുപ്പ് 172(1) പട്ടിക 4 പ്രകാരം ഇത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ടതാണെന്ന് വ്യക്തമാക്കിയിട്ടുമുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ പെടാത്തതും സൗജന്യമായി സ്ഥലമോ കെട്ടിടമോ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമായിട്ടും ആയതൊന്നും ഭരണസമിതിയെ ബോധ്യപ്പെടുത്താതെയും സർക്കാറിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെയും ഗ്രാമ പഞ്ചായത്തിന് വൻ ബാധ്യത ഉണ്ടാകുന്ന തരത്തിൽ സെക്രട്ടറിയായിരുന്ന ശ്രീ വി.പി.സുകുമാരൻ, 16.4.10 ന് സമ്മതപത്രം ഒപ്പിട്ടു നല്കുകയായിരുന്നു. പഞ്ചായത്ത് ഭരണസമിതിയുടെ 11.12.09 ലെ 13ാം നം.തീരുമാനം, 29.1.10ലെ 2(6) നം. തീരുമാനം, 12.4.10 ലെ 5ാം നം. തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ നല്കിയത് എന്ന് സമ്മതപത്രത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം, 1.12.10 മുതൽ ഗവ.ഐ.ടി.ഐ കെട്ടിടത്തിന്റെ വാടക സർക്കാറിന്റെ മുൻകൂർ

അനുമതി ഇല്ലാതെ ഗ്രാമ പഞ്ചായത്ത് നല്കി വരുന്നു. ഇത് ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യത്തിന് വിരുദ്ധമായ നടപടിയാണ്. സർക്കാരിൽനിന്നും അനുമതി നിരസിക്കപ്പെടുന്ന സാഹചര്യം ഭാവിയിൽ ഉണ്ടാകുകയാണെങ്കിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും നടത്തിയ മുഴുവൻ ചെലവുകൾക്കും അതാത് കാലത്തെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരുടെ വ്യക്തിപരമായ ബാധ്യതയായി മാറുന്ന സാഹചര്യം ഉണ്ടാകുന്നതാണ്.

2. സർക്കാർ അനുമതി ലഭ്യമാകാത്തതിനാൽ വാടക കുടിശ്ശികക്ക് കെട്ടിട ഉടമസ്ഥൻ നല്കിയ കേസിലെ കോടതി വിധി പ്രകാരം, വാടക കുടിശ്ശികയും പലിശയുമടക്കം 31.5.14 വരെയും തുടർന്ന് 15.2.16 വരെയുള്ള വാടകയും ഗ്രാമ പഞ്ചായത്ത് നല്കി. 16.9.10 മുതൽ കരാർ പ്രകാരമുള്ള 5 വർഷ കാലാവധി കഴിഞ്ഞാലും കെട്ടിടം ഒഴിയാത്ത സാഹചര്യത്തിൽ സ്ഥിരം കെട്ടിടം സജ്ജമാകുന്നതുവരെ വാടക നല്കാനുള്ള ബാധ്യത ഗ്രാമപഞ്ചായത്തിനാണെന്ന നിയമോപദേശം ഉള്ളതിനാൽ വാടക, വൈദ്യുതി, വെള്ളം എന്നിവയ്ക്കായി തനതുഫണ്ടിൽ നിന്നും വൻതുക ഭാവിയിലും ഗ്രാമപഞ്ചായത്തിന് ചെലവഴിക്കേണ്ട സാഹചര്യം നിലനില്ക്കുന്നു.

3. സ്ഥലം കൈമാറുന്നതിന് സർക്കാറിൽ നിന്ന് 3.2.15 ന് അനുമതി ലഭിച്ചിട്ടും കൈമാറ്റം സംബന്ധിച്ച യാതൊരു നടപടികളും പൂർത്തിയാക്കിയിട്ടില്ല.

4. സമ്മതപത്ര പ്രകാരം ഐ.ടി.ഐ പ്രവർത്തിക്കാനാവശ്യമായ സ്ഥലത്തിനു പുറമെ, കെട്ടിടം, ഫർണിച്ചർ, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയും ഗ്രാമപഞ്ചായത്ത് ഒരുക്കേണ്ടതുണ്ട്. എന്നാൽ ഇതിനായി ഗ്രാമപഞ്ചായത്ത് ബജറ്റിൽ തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. കെട്ടിട നിർമ്മാണം, വാടക നല്കൽ എന്നിവയ്ക്കായി മുൻവർഷങ്ങളിലോ തൻവർഷമോ പ്രൊജക്റ്റ് വച്ചതായും കാണുന്നില്ല.

5. ഐ.ടി.ഐ ക്കായി നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ വാടക കരാർ കാലാവധി 15.9.15 ന് അവസാനിച്ചിട്ടുണ്ടെങ്കിലും കരാർ പുതുക്കിയിട്ടില്ല. കരാറില്ലാതെ കെട്ടിടം ഉപയോഗിക്കുന്നത് കാരണം ഭാവിയിലുണ്ടായേക്കാവുന്ന സാമ്പത്തിക, നിയമബാധ്യതയും ഗ്രാമപഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് വിരുദ്ധമാകുന്നതാണ്.

അപാകതകൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-2 മരാമത്ത് പ്രൊജക്റ്റുകളുടെ ഭാഗികമായ ആസൂത്രണം - സമഗ്രവികസനം തടസ്സപ്പെടുന്നു.

ഗ്രാമ പഞ്ചായത്തിൽ തൻവർഷം 198 മരാമത്ത് പ്രൊജക്റ്റുകൾക്കാണ് അംഗീകാരം ലഭിച്ചത്. ആകെ 318497057/- രൂ. വകയിരുത്തിയതിൽ 13749997/- രൂപ ചെലവഴിച്ചു. അടങ്കലിന്റെ 35.71% മാത്രമാണ് ചെലവ്. പൊതുമരാമത്ത് വിഭാഗത്തിൽ അംഗീകാരം ലഭിച്ച 198 പ്രൊജക്റ്റുകളിൽ 63 എണ്ണം മാത്രമെ നടപ്പാക്കിയിട്ടുള്ളൂ. പ്രൊജക്റ്റുകൾ പരിശോധിച്ചതിൽ ഭൂരിഭാഗവും ഭാഗികമായ പ്രവൃത്തികൾ ലക്ഷ്യമാക്കിയുള്ളവയാണെന്ന് വ്യക്തമായി. 16.11.2003 ലെ ജി.ഓ(എംഎസ്)362/13/തസ്വഭവ പദ്ധതി മാർഗ്ഗരേഖയിൽ ഭാഗികമായ പ്രവൃത്തികൾ ഉൾപ്പെടുത്തി പ്രൊജക്റ്റുകൾ തയ്യാറാക്കുന്നത് ഒഴിവാക്കേണ്ടതാണെന്ന് പൊതുസമീപനം സ്വീകരിച്ചിട്ടുള്ളതാണ്. ആകെ 134 റോഡ് പ്രവൃത്തികളിൽ സോളിങ്ങ്/മെറ്റലിങ്ങ്/ടാറിങ്ങ് പ്രവൃത്തികൾ മുഴുവൻ ചെറിയ ചെയിനേജിൽ മാത്രം ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയത്. മുൻവർഷങ്ങളിൽ ഭാഗികമായി പൂർത്തിയാക്കിയ സോളിങ്ങ്/ മെറ്റലിങ്ങ് /ടാറിങ്ങ് തകരാറായതിനാൽ, ബാക്കിയുള്ള

മൺറോഡ് ഭാഗം അതേപടി നിലനിർത്തി പാച്ച് സോളിങ്ങ്/ റീ-ടാറിങ്ങ് നടത്തുന്നതിന് പ്രൊജക്ടുകൾ വെച്ചത് പ്രൊജക്ടുകളുടെ ആസൂത്രണത്തിലെ അശാസ്ത്രീയത വ്യക്തമാക്കുന്നു. ഇത് പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് സഹായകരമല്ല. ഏതാനും റോഡ് പ്രവത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജ. നം. | പ്രവൃത്തിയുടെ പേര് | ചെയിനേജ് | ചെലവ് |
|---|---|---|---|---|
| 1 | 225/16 | തിരുവോത്തറമൽ റോഡ് സോളിങ്ങ് | 0/000 -0/088 | 80000/- |
| 2. | 219/16 | പാലോളി പറമ്പ് -എസ്റ്റേറ്റ് റോഡ് സോളിങ്ങ് | 0/080 – 0/186 | 76084/- |
| 3. | 215/16 | അരയാക്കൂൽ താഴെ - വണ്ണാറത്ത് താഴ റോഡ് സോളിങ്ങ് | 0/000 – 0/114 | 95278/- |
| 4 | 45/16 | കൊറ്റ്യം വള്ളി - ഇല്ലത്ത് താഴ റോഡ് ടാറിങ്ങ് | 0/000 – 0/191 | 4,90000/- |

ഭാഗികമായ പ്രവൃത്തികൾ ഉൾപ്പെടുത്തി ചെറുതും വലുതുമായ നിരവധി പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നത് പ്രൊജക്ടുകളുടെ നിർവ്വഹണത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. എഞ്ചിനീയറിങ്ങ് വിഭാഗത്തിലെ ജീവനക്കാരുടെ എണ്ണക്കുറവ് കൂടി പരിഗണിക്കുമ്പോൾ, പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള സൈറ്റ് പരിശോധനയും ക്ലറിക്കൽ ജോലികളും പ്രൊജക്ടുകളുടെ ആധിക്യം കാരണം കൃത്യമായി നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുന്നു.രണ്ട് പഞ്ചായത്തുകളുടെ ചുമതലയുള്ള അസി.എഞ്ചിനീയറും ഒരു ഫസ്റ്റ് ഗ്രേഡ് ഓവർസിയർ, (ദിവസവേതനം), ഒരു തേർഡ് ഗ്രേഡ് ഓവർസിയർ(എംപ്ലോയ്മെന്റ് നിയമനം) ആണ് നിലവിൽ എഞ്ചിനീയറിങ്ങ് വിഭാഗത്തിലുള്ളത്. ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കാതെ ഉപേക്ഷിച്ച ആകെ 145 പ്രൊജക്ടുകളിൽ 135 എണ്ണവും (93%) അസി.എഞ്ചിനീയർ നടപ്പാക്കേണ്ട പൊതുമരാമത്ത് പ്രവൃത്തികളുടെതാണെന്നത് പ്രത്യകം ശ്രദ്ധിക്കേണ്ടതുണ്ട്. എണ്ണക്കൂടുതൽ കാരണം നിർവ്വഹണം നടത്താത്ത പ്രൊജക്ടുകൾക്കായി വകയിരുത്തിയ പദ്ധതിപണം ഫലത്തിൽ ലാപ്സായി. മരാമത്ത് പ്രൊജക്ടുകളുടെ പൂർത്തീകരണം ഫലപ്രദമായി നടക്കാത്തത് സംബന്ധിച്ച് 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുള്ളതാണ്. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-3 ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവൃത്തികൾ - അപാകതകൾ

2015-16വർഷം ഗുണഭോക്തൃ സമിതിമുഖേനയുള്ള താഴെ ചേർത്ത പ്രവൃത്തികൾ സംബന്ധിച്ച് അതാതിന്റെ നേർക്ക് ചേർത്ത പ്രകാരം അപാകതകൾ ശ്രദ്ധയിൽപെട്ടു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ആകെ ചെലവ് | ബിൽ നം തിയ്യതി | അഭിപ്രായം |
|---|---|---|---|---|---|---|
| 1 | 244/16 | മേമുണ്ട പല്ലവി -ചെറുവലത്ത് മീത്തൽ റോഡ് ഡ്രെയിനേജ് | ശ്രീ. ഗംഗാധരൻ പാർവ്വതി നിലയം | 80000/- (തനത് ഫണ്ട്) | ഡി.ഡി.നം. 287500/2.4.16 | 1. ഗുണഭോക്തൃ സമിതി അംഗീകരിച്ച വരവു ചെലവുകൾ ലഭ്യമാക്കിയിട്ടില്ല<br>2. ഗുണഭോക്തൃ സമിതി യുടെ പ്രവൃത്തി നടത്തിപ്പിന് ബാങ്ക് അക്കൗണ്ട് ആരംഭിച്ചതിന്റെയും ക്ലോസ് ചെയ്തതിന്റെയും വിവരം ലഭ്യമല്ല. |
| 2 | 189/16 | ഐശ്വര്യ അങ്കണവാടി (കൊല്ലന്റവിട) കെട്ടിടസംരക്ഷണ | ശ്രീ.ടി.പി.അശോകൻ | 146571/- സംരക്ഷണഗ്രാന്റ് (റോഡിതരം) | ട്രഷറി ബിൽ നം. 14/30.1.16 | 1. ഗുണഭോക്തൃ സമിതി അംഗീകരിച്ച വരവു ചെലവുകൾ ലഭ്യമാക്കിയിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| | | പ്രവൃത്തി | | | | 2. ഗുണഭോക്തൃ സമിതി യുടെ പ്രവൃത്തി നടത്തിപ്പിന് ബാങ്ക് അക്കൗണ്ട് ആരംഭിച്ചതിന്റെയും ക്ലോസ് ചെയ്തതിന്റെയും വിവരം ലഭ്യമല്ല. 3.ഗുണഭോക്തൃസമിതിയുടെ മിനുട്സ് ഇല്ല. |
| 3. | 112/16 | മണീഞ്ചാൽ - കഞ്ഞിപ്പുരമുക്ക് റോഡ് കോൺക്രീറ്റ് പ്രവൃത്തി | ശ്രീ സന്തോഷ് കുമാർ എൻ.പി | 100000/- (തനതുഫണ്ട്) | ഡി.ഡി.നം. 288584/12.4.16 | 1. ഗുണഭോക്തൃ സമിതി അംഗീകരിച്ച വരവു ചെലവുകൾ ലഭ്യമാക്കിയിട്ടില്ല 2. ഗുണഭോക്തൃ സമിതി യുടെ പ്രവൃത്തി നടത്തിപ്പിന് ബാങ്ക് അക്കൗണ്ട് ആരംഭിച്ചതിന്റെയും ക്ലോസ് ചെയ്തതിന്റെയും വിവരം ലഭ്യമല്ല. 3.ഗുണഭോക്തൃസമിതിയുടെ മിനുട്സ് ഇല്ല. |
| | | | ആകെ | 3,26,571/- | | |

സംസ്ഥാന ആസൂത്രണ ബോർഡിന്റെ 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗ രേഖ പ്രകാരം , സമിതി ചെയർമാൻ, കൺവീനർ എന്നിവരുടെ പേരിൽ പ്രവൃത്തി നടത്തിപ്പിനായി സംയുക്ത ബാങ്ക് അക്കൗണ്ട് തുറക്കേണ്ടതും ഫൈനൽ ബില്ല് ലഭിച്ച ശേഷം സമിതി ഗുണഭോക്താക്കളുടെ പൊതു യോഗം ചേർന്ന് സമിതിയുടെ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുകയും കമ്മറ്റി പിരിച്ചു വിട്ട് ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുകയും വേണം. കരാർ ഉടമ്പടിയിലെ നിരക്കുകളുടെ അടിസ്ഥാനത്തിൽ എഞ്ചിനിയർ രേഖപ്പെടുത്തുന്ന അളവുകൾ പ്രകാരമുള്ള ബിൽ തുകയോ ഗുണഭോക്തൃ സമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണ് കുറവ് അതാണ്സമിതിക്ക് നൽകേണ്ടത്. ഗുണഭോക്തൃ സമിതി മിനുട്സ്, പ്രവൃത്തി ഫയൽ എന്നിവ പരിശോധിച്ചതിൽ മേൽചേർത്ത നിർദ്ദേശങ്ങളൊന്നും പാലിക്കപ്പെട്ടിട്ടില്ല. ആയതിനാൽ തന്നെ സമിതിക്ക് അർഹമായ തുക തന്നെയാണ് നൽകിയത് എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-4 ടെണ്ടർ കുറവ് ഫൈനൽ ബില്ലിൽ നിന്നും കുറക്കാതെ തുക നല്കി

210000/- രൂ. സംരക്ഷണഗ്രാന്റ് (റോഡ്) , 10000/- രൂ. തനത് ഫണ്ട് (ആകെ 220000/-)വകയിരുത്തിയ ആറങ്ങോട്ട് താഴെ - വണ്ണാറത്ത് താഴെ റോഡ് റീ ടാറിങ്ങ് പ്രവൃത്തിയുടെ (പ്രൊജ. നം. 287/16) എം.ബുക്ക് നം. 98/14-15 പ്രകാരം 2,20000/- രൂപയാണ് പ്രവൃത്തിമൂല്യം. എഗ്രിമെന്റ് റജിസ്റ്റർ പ്രകാരം കരാറുകാരനായ ശ്രീ ടി.ടി.വി മൊയ്തീൻ 0.5% ടെണ്ടർ കുറവിനാണ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്. അതനുസരിച്ച് 1100/- രൂപ കുറച്ച് (220000 x.5/100) കരാറുകാരന് തുക നല്കേണ്ടിയിരുന്നെങ്കിലും ആയത് ചെയ്തിട്ടില്ല. (ട്രഷറി ബിൽ നം. 17/18.3.16 -210000, ഡി.ഡി.

നം. 287491/2.4.16 – 10000/-) കരാറുകാരന് അധികമായി രൂ. 1100/- നല്കിയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായിനല്കിയ 1100/- രൂ. ഉത്തരവാദിയായ അസി.എഞ്ചിനീയറിൽനിന്നും ഈടാക്കേണ്ടതാണ്.

## 3-5 മരാമത്ത് പ്രവൃത്തികൾക്കായുള്ള പ്രൊജക്ടുകളുടെ നിർവ്വഹണം - പൊതു അപാകതകൾ

2015-16 വർഷം അസി.എഞ്ചിനീയർ നടപ്പാക്കിയ പൊതുമരാമത്ത് പ്രൊജക്ടുകളുടെ നിർവ്വഹണംസംബന്ധിച്ച പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാതകൾ താഴെ ചേർക്കുന്നു.

1. കാഷ് ബുക്ക് ശരിയായ രീതിയിലല്ലാതെയും അപൂർണ്ണമായും തയ്യാറാക്കി. കാഷ് ബുക്ക് ദിനേന ക്ലോസ് ചെയ്യുന്നില്ല. വൗച്ചർ നം., പ്രവൃത്തിയുടെ പേര് തുടങ്ങിയ വിവരങ്ങൾ ചേർക്കാത്തതിനാൽ ചെലവു വിവരങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്താൻ പ്രയാസം നേരിടുന്നു.

2.പ്രൊജക്ട് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3. ടെണ്ടർ റജിസ്റ്റർ അപൂർണ്ണം. ഒടുക്കിയ നിരതദ്രവ്യം, രശീതി നം.,തീയ്യതി, ടെണ്ടററുടെ ഒപ്പ് തുടങ്ങിയവ ചേർക്കുന്നില്ല.

4. എഗ്രിമെന്റ് റജിസ്റ്റർ അപൂർണ്ണം. കരാർ തുക, സെക്യൂരിറ്റി തുക, പൂർത്തീകരണ തീയ്യതി തുടങ്ങിയ ചേർക്കുന്നില്ല. ചില പ്രവൃത്തികളിൽ എസ്റ്റിമേറ്റ് തുക ചേർത്തിട്ടില്ല(ഉദാ: പേജ് 7,8,10 കാണുക)

5. കരാറുകാരുടെ വാറ്റ് രജിസ്ട്രേഷൻ, വാറ്റ് കോമ്പൗണ്ട് ചെയ്തതിന്റെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

6.എം ബുക്കുകളിൽ മെമ്മോ ഓഫ് പേമെന്റ് ചേർക്കുന്നില്ല.

7. ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനം സംബന്ധിച്ച സംസ്ഥാന ആസൂത്രണ സമിതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ പ്രവൃത്തികളുടെ തുക കൺവീനർക്ക് നല്കി.

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-6 വെള്ളറാട്മല സംയുക്ത ജലസേചന പദ്ധതി പൂർത്തീകരിച്ചില്ല.

പ്രോജക്ട് നം. : 24/16 വെള്ളറാട് മല സംയുക്ത ജലസേചന പദ്ധതി

ഫണ്ട് : തനത് ഫണ്ട്
നിർവഹണം. : സെക്രട്ടറി.

ഗ്രാമപഞ്ചായത്തും തോടന്നൂർ ബ്ലോക്ക് പഞ്ചായത്തും സംയുക്തമായി നടപ്പിലാക്കുന്ന ജലസേചന പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 1.3.16 ലെ കത്തിന്റെ അടിസ്ഥാനത്തിൽ 5,00,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതു സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. തുക ചെലവഴിച്ചതു സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

## 3-7 തെങ്ങിന് ജൈവ വള വിതരണം- പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

പ്രോജക്ട് നം. : 32/16. തെങ്ങിന് ജൈവ വള വിതരണം

ബിൽ നം. : 5/15-16 /26.3.16 ,50,000/- (വികസനഫണ്ട്)

: 6/15-16 /28.3.16, 7,01,023/-

നിർവഹണം. : കൃഷിഓഫീസർ

മേൽ പ്രോജക്ട് നിർവഹണത്തിനായി വേപ്പിൻ പിണ്ണാക്ക് വിതരണത്തിന് 22.8.15 ലെ മാതൃഭൂമി, 27.8.15 ലെ ദേശാഭിമാനി എന്നീ പത്രങ്ങളിൽ ടെണ്ടർ ക്ഷണിച്ച് പരസ്യം ചെയ്തു. ടെണ്ടർ പരസ്യപ്രകാരം ടെണ്ടർ സ്വീകരിക്കുന്ന

അവസാന തിയതി 7.9.15 ആയിരുന്നു. ഇതുപ്രകാരം 5സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. ടെണ്ടർ പരസ്യത്തിൽ പറഞ്ഞ പ്രകാരമുള്ള എല്ലാ നിബന്ധനകളും പാലിച്ച " വെസ്റ്റേൺ ഫെർട്ടിലൈസേർസ് ആന്റ് കെമിക്കൽസ്" മഞ്ചേരി എന്ന സ്ഥാപനത്തിന്റെ 20.90 രൂപയുടെ (ഒരു കി.ഗ്രാമിന്) ടെണ്ടർ 8.9.15 ൽ ചെർന്ന പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചു.

മേൽ സ്ഥാപനം ക്വാട്ട് ചെയ്ത വില നെഗോസിയേഷൻ വഴി കുറക്കുന്നതിന് സ്ഥാപനവുമായി ചർച്ച നടത്താൻ 9.9.15 ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി ( 53/2/15-16) നിർവഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയതു പ്രകാരം കി.ഗ്രാമിന് 19 രൂപയായി കുറച്ചു. പിന്നീട് നിർവഹണോദ്യോഗസ്ഥൻ 4.11.15 ലെ KBV.2/15-16 കത്തു മുഖേന 45,864 കി.ഗ്രാം വേപ്പിൻ പിണ്ണാക്ക് " വെസ്റ്റേൺ ഫെർട്ടിലൈസേർസ് ആന്റ് കെമിക്കൽസ്" മഞ്ചേരി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി സ്റ്റോക്ക് ചെയ്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ വില്യാപ്പള്ളി പഞ്ചായത്ത് സർവീസ് സഹകരണ ബാങ്ക് സെക്രട്ടറിയോട് ആവശ്യപ്പെട്ടു. ഇതിനെ തുടർന്ന് 406 ഗുണഭോക്താക്കൾക്ക് ആകെ 52,710 കി.ഗ്രാം വേപ്പിൻ പിണ്ണാക്ക് വിതരണം ചെയ്തു. ഇതിന്റെ തുകയായി ആകെ 10,01,490 രൂപ വില്യാപ്പള്ളി പഞ്ചായത്ത് സർവീസ് സഹകരണ ബാങ്ക് സെക്രട്ടറിക്ക് (ഡി.ഡി. 287009/30.3.16, 287008/30.3.16 എസ്.ബി.ടി, വടകര) നൽകി.

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. വേപ്പിൻ പിണ്ണാക്ക് വിതരണത്തിനായി തെരഞ്ഞെടുത്ത സ്ഥാപനമായ " വെസ്റ്റേൺ ഫെർട്ടിലൈസേർസ് ആന്റ് കെമിക്കൽസ്" മഞ്ചേരി എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകാതെ വില്യാപ്പള്ളി പഞ്ചായത്ത് സർവീസ് സഹകരണ ബാങ്ക് സെക്രട്ടറിക്ക് വളം വാങ്ങി സ്റ്റോക്ക് ചെയ്ത് വിതരണം ചെയ്യാൻ നിർവഹണോദ്യോഗസ്ഥൻ 4.11.15 ന് കത്തു മുഖേന നിർദ്ദേശം നൽകി. മേൽ സ്ഥാപനത്തിൽ നിന്നും നിർവഹണോദ്യോഗസ്ഥൻ വളം വാങ്ങി ഗുണഭോക്താക്കൾക്ക് നേരിട്ട് വിതരണം ചെയ്യേണ്ടതിനു പകരം വളം സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്യുന്നതിന് നിർവഹണത്തിൽ യാതൊരു ബന്ധവുമില്ലാത്ത വില്യാപ്പള്ളി പഞ്ചായത്ത് സർവീസ് സഹകരണ ബാങ്കിനെ ചുമതലപ്പെടുത്തി.

2. നിർവഹണോദ്യോഗസ്ഥൻ 4.11.15 ന് വില്യാപ്പള്ളി പഞ്ചായത്ത് സർവീസ് സഹകരണ ബാങ്ക് സെക്രട്ടറിക്ക് നൽകിയ കത്തിൽ 45864 കി.ഗ്രാം വേപ്പിൻ പിണ്ണാക്ക് വിതരണം ചെയ്യാനാണ് ആവശ്യപ്പെട്ടത്. എന്നാൽ വില്യാപ്പള്ളി പഞ്ചായത്ത് സർവീസ് സഹകരണ ബാങ്ക് 52710 കി.ഗ്രാം വേപ്പിൻ പിണ്ണാക്ക് വിതരണം ചെയ്തു. ഇതിനായി ആകെ 10,01,490 രൂപ ബാങ്കിന് നൽകി. നിർവഹണോദ്യോഗസ്ഥൻ വിതരണം ചെയ്യാൻ നിർദ്ദേശിച്ചതിനെക്കാൾ കൂടുതൽ വളം വിതരണം ചെയ്യുകയും തുക നൽകുകയും ചെയ്തു.

3. ടെണ്ടറിൽ പങ്കെടുക്കുകയും പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്ത " വെസ്റ്റേൺ ഫെർട്ടിലൈസേർസ് ആന്റ് കെമിക്കൽസ്" മഞ്ചേരി എന്ന സ്ഥാപനത്തിന്റെ ബില്ലിന്റെ അടിസ്ഥാനത്തിൽ തുക സ്ഥാപനത്തിനു നൽകേണ്ടതിന് പകരം വില്യാപ്പള്ളി പഞ്ചായത്ത് സർവീസ് സഹകരണ ബാങ്കിന് തുക നൽകി. വേപ്പിൻ പിണ്ണാക്ക് വിതരണം ചെയ്യാൻ ചുമതലപ്പെട്ട സ്ഥാപനമായ "വെസ്റ്റേൺ ഫെർട്ടിലൈസേർസ് ആന്റ് കെമിക്കൽസ്" മഞ്ചേരി എന്ന സ്ഥാപനത്തിന്റെ ബില്ലോ ഇൻവോയ്സോ ഇല്ലാതെയാണ് വില്യാപ്പള്ളി പഞ്ചായത്ത് സർവീസ് സഹകരണ ബാങ്കിന്റെ ബിൽ പ്രകാരം (ബിൽ നം. 2853/ 2.2.16) തുക നൽകിയത്. ഫലത്തിൽ ടെണ്ടറിൽ പങ്കെടുക്കാത്ത സ്ഥാപനം വേപ്പിൻ

പിണ്ണാക്ക് വിതരണം ചെയ്യുകയും തുക ലഭിക്കുകയും ചെയ്തു. ഇത് പദ്ധതി നിർവഹണത്തിലെ ഗുരുതര വീഴ്ചയാണ്.

4. ടെണ്ടറിൽ പങ്കെടുക്കുകയും പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്ത " വെസ്റ്റേൺ ഫെർട്ടിലൈസേർസ് ആന്റ് കെമിക്കൽസ്" മഞ്ചേരി എന്ന സ്ഥാപനവുമായി കരാർ വെച്ചിട്ടില്ല.

5. ടെണ്ടറിൽ പങ്കെടുക്കുകയും പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്ത " വെസ്റ്റേൺ ഫെർട്ടിലൈസേർസ് ആന്റ് കെമിക്കൽസ്" മഞ്ചേരി എന്ന സ്ഥാപനത്തിന് വളം വിതരണം ചെയ്യുമ്പോൾ കരാർ സ്ഥാപനത്തിൽ നിന്നും 10,01,490 രൂപക്ക് ആദായനികുതി നിയമം 194 (സി) വകുപ്പ് പ്രകാരം 2% ആദായ നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആദായനികുതി ഈടാക്കാതെ ബാങ്കിന് മുഴുവൻ തുകയും നൽകി.

6. സ.ഉ (പി) 259/10 ത.സ്വ.ഭ.വ 8.11.10 പ്രകാരം ഒരു ലക്ഷത്തിൽ കൂടുതൽ മതിപ്പ് വിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടറിംഗ് നടപടിക്രമങ്ങൾ പാലിക്കണം. അതിനായി വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ്, ഒരു മലയാളം പത്രങ്ങളിൽ പരസ്യം ചെയ്യണം. ടെണ്ടർ ഫോമിന്റെ വില്പനക്കും സമർപ്പണത്തിനും പരസ്യത്തീയതി മുതൽ 21 ദിവസത്തെ സമയം നൽകണം. ടെണ്ടർ സമർപ്പിച്ചവരുടെയും സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെയും സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ പരസ്യമായി തുറക്കണം. എന്നാൽ ഇംഗ്ലീഷ് പത്രത്തിൽ പരസ്യം ചെയ്തിട്ടില്ല. കൂടാതെ ടെണ്ടർ സമർപ്പിക്കുന്നതിന് 14 ദിവസ സമയം മാത്രമാണ് അനുവദിച്ചിട്ടുള്ളത്. കൂടാതെ സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെ സാന്നിദ്ധ്യം ഉറപ്പു വരുത്തിയിട്ടുമില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 10,01,490/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-8 <u>വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.</u>

1. പ്രോജക്ട് നം. : 16/16 എസ്.എസ്.എ വിഹിതം നൽകൽ
   ബിൽ നം. : 10/15-16/14.1.16 2,00,000 രൂപ
   നിർവഹണം. : സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം 2,00,000 രൂപ ജില്ലാ പ്രോജക്ട് ഓഫീസർക്ക് (ഡി.ഡി. 808548/ 19.1.16) നൽകിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 2,00,000 രൂപ തടസ്സത്തിൽ വെക്കുന്നു.

2. സാമൂഹ്യനീതി ദിനാഘോഷത്തിന് സംഭാവനയായി 10,000/- രൂപ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് തനത് ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ 21500809/6-1-16 മുഖാന്തിരം നൽകിയിട്ടുണ്ട്. സ.ഉ (സാധാ)നം 3724/2015/തസ്വഭവ തി 18-12-2015 ഉത്തരവ് പ്രകാരം കൈപ്പറ്റുന്ന തുകക്ക് ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർ വരവ് ചെലവ് അടിസ്ഥാനത്തിലുള്ള ധനവിനിയോഗസാക്ഷ്യപത്രം നല്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. കൂടാതെ ജില്ലാതല സാക്ഷരത ദിനാഘോഷത്തിന് 1,500/- രൂപ തനത് ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ 21500163/18-5-15 മുഖാന്തിരം നൽകിയതിനും സ.ഉ (സാധാ)നം 757/2015/തസ്വഭവ തി 17-3-2015 ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം

ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല. അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 3-9 തെരുവു വിളക്ക് റിപ്പയർ - അപാകതകൾ

പ്രോജക്ട് നം. : 18/16 തെരുവു വിളക്ക് റിപ്പയർ

ചെക്ക് നം. : 1402933/29.3.16 86,800

: 1402916/10.12.15 1,08,550 (തനത് ഫണ്ട്

നിർവഹണം. : സെക്രട്ടറി .

ഗ്രാമപഞ്ചായത്തിലെ കേടുവന്ന തെരുവു വിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് 2014-15 സാമ്പത്തിക വർഷത്തെ 2/14-15 നമ്പർ പ്രോജക്ട് പ്രകാരം വടകര ഇലക്ട്രിക്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി 21.1.16 മുതൽ ഒരു വർഷത്തേക്ക് കരാറിൽ ഏർപ്പെട്ടിരുന്നു. ഇതുപ്രകാരം കേടുവന്ന 391 ഓട്ടോമാറ്റിക് സി.എഫ്. ലൈറ്റുകളും 168 ഓർഡിനറി സി.എഫ് ലൈറ്റുകളും റിപ്പയർ ചെയ്തതായി സൊസൈറ്റി അറിയിച്ചതു പ്രകാരം 202 ഓട്ടോമാറ്റിക് സി.എഫ്. ലൈറ്റുകൾ റിപ്പയർ ചെയ്തതിന് 2014-15 വർഷം 1,41,400 രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. മുൻ വർഷത്തിൽ റിപ്പയർ ചെയ്ത 189 ഓട്ടോമാറ്റിക് സി.എഫ്. ലൈറ്റുകൾ, 168 ഓർഡിനറി സി.എഫ് ലൈറ്റുകൾ എന്നിവയുടെ ചാർജിനത്തിൽ നൽകാനുണ്ടായിരുന്ന തുകയായ 1,95,300 രൂപ സ്ഥാപനത്തിന് നൽകി. പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. ലൈറ്റുകൾ റിപ്പയർ ചെയ്തതിന് വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രം പ്രകാരം 244 ഓട്ടോമാറ്റിക് സി.എഫ്. ലൈറ്റുകൾ, 10 ഓർഡിനറി സി.എഫ് ലൈറ്റുകൾ എന്നിവ റിപ്പയർ ചെയ്ത് സ്ഥാപിച്ചതായാണ് കാണുന്നത്. ബാക്കി 47 ഓട്ടോമാറ്റിക് സി.എഫ്. ലൈറ്റുകൾ, 158 ഓർഡിനറി സി.എഫ് ലൈറ്റുകൾ എന്നിവ സ്ഥാപിച്ചതിന്റെ വിശദാംശം ഇല്ല.

2. തെരുവു വിളക്കുകൾ റിപ്പയർ ചെയ്തു സ്ഥാപിച്ചതിന് സ്ഥാപനത്തിന് 1,95,300 രൂപ നൽകിയിട്ടുണ്ടെങ്കിലും ആദായ നികുതി ഈടാക്കിയിട്ടില്ല. ആദായ നികുതി നിയമം 194(സി) വകുപ്പ് പ്രകാരം 2%ആദായ നികുതി ഈടാക്കേണ്ടതായിരുന്നുവെങ്കിലും ഈടാക്കിയിട്ടില്ല. ആദായ നികുതി ഈടാക്കാതെ മുഴുവൻ തുകയും കരാർ ഏറ്റെടുത്ത സ്ഥാപനത്തിനു നൽകി.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപിച്ചതിന്റെ രേഖകളുടെ അഭാവത്തിൽ 92,150/- രൂപ ( 47x70+158x375) തടസ്സത്തിൽ വെക്കുന്നു.

## 3-10 മാലിന്യ നിർമാർജ്ജനം- പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

പ്രോജക്ട് നം. : 33/16 മാലിന്യ നിർമാർജ്ജനം

ബിൽ നം. : 1/15-16/25.4.15 13,500

7/15-16/23.5.15 27,000

9/15-16/19.11.15 54,000

12/15-16/22.2.16 13,500

21/15-16/19.3.16 13,500

25/15-16/31.3.15 13,500

ചെക്ക് നമ്പർ. : 157188 /11.6.15 27,000

നിർവഹണം. : സെക്രട്ടറി

വില്യാപ്പള്ളി ടൗണിലെ ഖരമാലിന്യങ്ങൾ ശേഖരിച്ച് ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. ഇതു പ്രകാരം 3ക്വട്ടേഷനുകൾ ലഭിച്ചതായും കുറഞ്ഞ തുക ക്വാട്ട് ചെയ്ത (ഒരു മാസത്തേക്ക് 13,500 രൂപ) ശ്രീമതി. ബീന, ചങ്ങരോത്ത് താഴെ കുനി എന്നവരുടെ ക്വട്ടേഷൻ (143(2)/2014-15 30.3.15) പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതായും കാണുന്നു. മോണിറ്ററിംഗ് സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആകെ 1,62,000 രൂപ നൽകിയിട്ടുണ്ട്.

സ.ഉ (പി) 259/10 ത.സ്വ.ഭ.വ 8.11.10 പ്രകാരം ഒരു ലക്ഷത്തിൽ കൂടുതൽ മതിപ്പു വിലയുള്ള വാങ്ങലുകൾക്കും സേവനങ്ങൾക്കും ഓപ്പൺ ടെണ്ടറിംഗ് നടപടിക്രമങ്ങൾ പാലിക്കണം. അതിനായി വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ്, ഒരു മലയാളം പത്രങ്ങളിൽ പരസ്യം ചെയ്യണം. ടെണ്ടർ ഫോമിന്റെ വില്പനക്കും സമർപ്പണത്തിനും പരസ്യത്തീയതി മുതൽ 21 ദിവസത്തെ സമയം നൽകണം. ടെണ്ടർ സമർപ്പിച്ചവരുടെയും സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെയും സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ പരസ്യമായി തുറക്കണം. എന്നാൽ ഈ നടപടിക്രമങ്ങൾ ഒന്നും പാലിക്കാതെയാണ് പ്രവൃത്തി ഏൽപ്പിച്ചത്. കൂടാതെ പ്രവൃത്തി ഏൽപ്പിക്കുന്നതിനു മുൻപ് പഞ്ചായത്തുമായി കരാർ വെച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 1,62,000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-11 പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണം- അപാകതകൾ

പ്രോജക്ട് നം. : 65/16 പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണം

ബിൽ നം. : 1/15-16/29.3.16. 3,44,479 രൂപ

അടങ്കൽ : 4,90,000 രൂപ. വികസനഫണ്ട്.

നിർവഹണം. : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

മേൽ പ്രോജക്ട് പ്രകാരമുള്ള വിവിധ ആവശ്യങ്ങൾക്കായി 3,44,479 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. ട്രിപ്പ് ഷീറ്റ് ഇല്ലാതെ ജീപ്പിന് വാടക നൽകി.

മേൽ ബിൽ തുകയിൽ നിന്നും 2015 ആഗസ്റ്റ് മാസം മുതൽ 2016 മാർച്ച് മാസം വരെ ഗൃഹ സന്ദർശനത്തിന് KL.11.F 574 നമ്പർ ജീപ്പ് ഉപയോഗിച്ചതിന് ശ്രീ.മനോജൻ, മീത്തലെ മലയിൽ എന്നയാൾക്ക് 82,800 രൂപ (92 ട്രിപ്പ് x 900) വാടകയായി നൽകിയിട്ടുണ്ട്. എന്നാൽ വാഹനം ഓടിയതിന്റെ ട്രിപ്പ് ഷീറ്റ് ഇല്ലാതെയാണ് വാടക നൽകിയിരിക്കുന്നത്.

2. പാലിയേറ്റീവ് സംഗമം- നടത്തിപ്പിലെ അപാകതകൾ.

പാലിയേറ്റീവ് സംഗമം 2016 ഫെബ്രുവരി 12,13,14 തിയതികളിലായി എം.ജെ.ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് നടത്തി. ഇതിനായി സ്റ്റേജ്, പന്തൽ, ലൈറ്റ്, സൗണ്ട് എന്നിവക്കായി 75,000 രൂപ അപ്പോളോ ലൈറ്റ് ആന്റ് സൗണ്ട്, വില്യാപ്പള്ളി എന്ന സ്ഥാപനത്തിന് നൽകി. സംഗമത്തിൽ പങ്കെടുത്ത 200 പേർക്ക് ഭക്ഷണം നൽകിയ വകയിൽ ശ്രീ. കെ.എം.രവി എന്നയാൾക്ക് 29,500 രൂപ നൽകി. സംഗമത്തിൽ പങ്കെടുത്തവരുടെ എണ്ണം മുതലായ വിശദാംശങ്ങളൊന്നും ഹാജരാക്കിയിട്ടില്ല. സംഗമത്തിന് സ്റ്റേജ്, ഭക്ഷണം ഇനത്തിൽ മാത്രം ഒരു ലക്ഷം രൂപയോളം ചെലവഴിച്ചിട്ടുണ്ട്. സ.ഉ (സാധാ) 3217/2015 ത.സ്വ.ഭ.വ 29.10.15 ഖ- 2.6.13(1) പ്രകാരം ഇത്തരത്തിൽ നടത്തുന്ന

സംഗമം ആർഭാടരഹിതമായി സംഘടിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും ഭക്ഷണചെലവിലേക്കായി പരമാവധി ഒരാൾക്ക് 60 രൂപ വീതം ചെലവഴിക്കാമെന്നും കൂടാതെ സംഗമത്തിന്റെ മറ്റ് ചെലവുകൾക്കായി പരമാവധി 3,000 രൂപയും ചെലവഴിക്കാമെന്നും കൂടുതൽ തുക വേണ്ടി വരികയാണെങ്കിൽ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തണമെന്നും നിർദ്ദേശിക്കുന്നു. എന്നാൽ ഈ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-12 ജൈവ പച്ചക്കറി കൃഷി - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ.

പ്രോജക്ട് നം. : 297/16

ബിൽ നം. : 4/15-16/23.3.15 29,500 (വികസന ഫണ്ട്)

7/15-16/29.3.16 1,15,500

9/15-16/30.3.16 1,61,126

നിർവഹണം. : കൃഷി ഓഫീസർ

മേൽ പ്രോജക്ട് നിർവഹണത്തിനായി വി.എഫ്.പി.സി.കെ യിൽ നിന്നും 29,500 രൂപ ചെലവഴിച്ച് 200 ഗ്രാം വീതമുള്ള 125 പായ്ക്കറ്റ് പച്ചക്കറി വിത്തും 3,82,084 രൂപ ചെലവഴിച്ച് (ഗ്ര.വിഹിതം. ) മത്സ്യഫെഡിൽ നിന്നും 32.380 കി.ഗ്രാം ജൈവവളവും വാങ്ങി. ഇതിൽ പച്ചക്കറി വിത്ത് 19 വാർഡുകളിൽ വിതരണം ചെയ്യുന്നതിനായി മെമ്പർമാർക്ക് നൽകി. പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. പച്ചക്കറി വിത്തുകൾ 19 വാർഡുകളിൽ വിതരണം ചെയ്യാനായി മെമ്പർമാർക്ക് നൽകിയെങ്കിലും ഇത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത് സംബന്ധിച്ച രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ഇവ വിതരണത്തിനായി മെമ്പർമാർക്ക് നൽകിയത് ശരിയായ നടപടിയല്ല.

2. മത്സ്യഫെഡിൽ നിന്നും 2,76,626 രൂപ സബ്സിഡി ഇനത്തിൽ ചെലവഴിച്ച് വാങ്ങിയ ജൈവവളം ഗുണഭോക്താക്കൾക്ക് വിതരണം ചെയതതു സംബന്ധിച്ചോ സ്റ്റോക്കിലെടുത്തതു സംബന്ധിച്ചോ രേഖകൾ ഇല്ല. അതുകൊണ്ട തന്നെ ഗുണഭോക്താക്കളെ ഗ്രാമസഭ തെരഞ്ഞെടുത്തിട്ടുണ്ടോ എന്നു പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

3. സ.ഉ (എം.എസ്) 362/13 ത.സ്വ.ഭ.വ 16.11.13 പ്രകാരം ഗുണഭോക്താക്കൾ നാമമാത്ര കർഷകർ ആയിരിക്കണം. എന്നാൽ വിതരണം ചെയ്തതു സംബന്ധിച്ച രേഖകൾ ഇല്ലാത്തതിനാൽ ഇക്കാര്യം പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 3,06,126 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-13 സ്വകാര്യവ്യക്തിയുടെ മരം മുറിച്ചു മാറ്റിയതിന്റെ തുക ഈടാക്കിയില്ല

14 ാം വാർഡിലെ ശ്രീ ഉത്തക്കുനിയിൽ വാസു എന്ന സ്വകാര്യവ്യക്തിയുടെ ഉടമസ്ഥതയിലുള്ള പറമ്പിലെ അപകടാവസ്ഥയിലുള്ള ഒരു തെങ്ങ് മുറിച്ചു മാറ്റിയതിന്റെ ചെലവായി 2000 രൂപ തനത് ഫണ്ടിൽ നിന്നും 2150077/30-12-2015 പ്രകാരമുള്ള വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട് .എന്നാൽ പ്രസ്തുത ചെലവ് സ്വകാര്യവ്യക്തിയിൽ നിന്ന് ഈടാക്കിയില്ല. 16-12-2015 ലെ ഭരണസമിതി യോഗം 103/15-16 നമ്പർ തീരുമാനപ്രകാരം തുക അടക്കുവാൻ നോട്ടീസ് അയച്ചിട്ടും തുക അടക്കാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറിയിലൂടെ ഈടാക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കാത്ത സാഹചര്യത്തിൽ തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-14 അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്തിട്ടില്ല

ഓഡിറ്റ് വർഷം വാർഷിക കണക്ക് പ്രകാരം അഡ്വാൻസ് ഇനത്തിൽ 1415960/- രൂപ നൽകിയിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്റർ പ്രകാരം 1410330/- രൂപ അഡ്ജസ്റ്റ് ചെയ്യുവാൻ ബാക്കി നിൽക്കുന്നതിന്റെ വിവരങ്ങൾ താഴെകൊടുക്കുന്നു.

| പേജ് നം | അഡ്വാൻസ് കൈപ്പറ്റിയ വ്യക്തി /സ്ഥാപനം | തിയ്യതി | തുക |
|---|---|---|---|
| 25 | ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി മേമുണ്ട | 26-6-11 | 10000 |
| 26 | സുബീഷ് കൺവീനർ പുതിയേടത്ത് കുളം ഫുട് പാത്ത് വർക്ക് | 11-8-13 | 8730 |
| 28 | വിവിധ പ്രേരകുമാരുടെ ഓണറേറിയം | 5-9-14, 21-12-14 | 20280 |
| 29 | വിവിധ പ്രേരകുമാരുടെ ഓണറേറിയം<br>ഭരണ സമിതി മെമ്പർമാരുടെ ടി എ അഡ്വാൻസുകൾ | 21-1-15,31-3-15 | 32460 |
| 30 | വിവിധ പ്രേരകുമാരുടെ ഓണറേറിയം<br>CDS മെമ്പർ സെക്രട്ടറിക്ക് അഡ്വാൻസ് | 10-4-15,16-5-15 | 35900 |
| 31 | വിവിധ പ്രേരകുമാരുടെ ഓണറേറിയം | 16-5-15, 25-6-15 | 34000 |
| 32 | വിവിധ പ്രേരകുമാരുടെ ഓണറേറിയം | 21-7-15, 20-8-15 | 14500 |
| 33 | വിവിധ പ്രേരകുമാരുടെ ഓണറേറിയം | 21-8-15, 26-8-15 | 26900 |
| 34 | വിവിധ പ്രേരകുമാരുടെ ഓണറേറിയം | 21-8-15, 26-8-15 | 8300 |
| 35 | വിവിധ പ്രേരകുമാരുടെ ഓണറേറിയം<br>മെഡിക്കൽ ഓഫീസർ പി എച്ച് സി ക്ക് നൽകിയത് | 9-11-15, 4-12-16 | 259679 |
| 36 | വിവിധ പ്രേരകുമാരുടെ ഓണറേറിയം<br>ഐ സി ഡി എസ് സൂപ്പർവൈസർക്ക് അഡ്വാൻസ് നൽകിയത് | 22-2-16, 31-3-16 | 959581 |
| | | ആകെ | 1410330/- |

അഡ്വാൻസുകൾ കൃത്യമായി നിരീക്ഷിക്കപ്പെടേണ്ടതും ആയത് സമയബന്ധിതമായി ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. പ്രസ്തുത വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽ പ്പെടുത്തുന്നു.

## 3-15 പ്രേരകുമാരുടെ ഹോണറേറിയം തുക കൃത്യമായി തിരികെ ലഭിക്കുന്നില്ല

ഓഡിറ്റ് വർഷത്തിൽ സാക്ഷരതാ പ്രേരകുമാരുടെ ഹോണറേറിയം ഇനത്തിൽ 1,64,400/- രൂപ തനതു ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. മുൻ വർഷ കുടിശ്ശിക ഉൾപ്പടെ ഓഡിറ്റ് വർഷത്തിൽ ലഭിച്ച തുക 1,64,600/- രൂപയാണ്. രജിസ്റ്റർ പരിശോധിച്ചതിൽ 29-07-2016 വരെ ലഭിക്കുവാനുള്ള തുക 1,52,878/- രൂപയാണ്.എന്നാൽ രജിസ്റ്ററിൽ സാമ്പത്തിക വർഷ അടിസ്ഥാനത്തിൽ നൽകുന്ന തുകയുടെ വിശദാംശങ്ങൾ,സാമ്പത്തിക വർഷം മിഷനിൽ നിന്ന് ലഭിക്കുന്ന തുക,കുടിശ്ശിക തുക എന്നിവയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് എഴുതിയിട്ടില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-16 വായനശാലകൾക്ക് നൽകുന്ന പത്രം തിരികെ വാങ്ങുന്നില്ല

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 12 സാംസ്കാരിക നിലയങ്ങൾക്ക് മലയാള മനോരമ, മാതൃഭൂമി, ദേശാഭിമാനി, കേരളകൗമുദി, ടൈംസ് ഓഫ് ഇൻഡ്യ, മാധ്യമം, ചന്ദ്രിക, ഇന്ത്യൻ എക്സ്പ്രസ്സ് , കലാകൗമുദി വാരിക എന്നിവ നല്കിയതിലേക്കായി 1,34,026/- രൂപ നൽകിയതായി വാർഷിക കണക്ക് പ്രകാരം കാണുന്നു. പ്രസ്തുത ചെലവിൽ കുടിശ്ശിക തുകയും ഉൾപ്പെടുന്നു. എന്നാൽ ഇത്രയെറെ തുക ചെലവാക്കി വായനശാലകൾക്ക് പത്രങ്ങൾ നൽകിയിട്ടും അവരിൽ നിന്ന് പത്രങ്ങൾ തിരിച്ച വാങ്ങി ലേലത്തിൽ വിറ്റു പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

കൂടാതെ 2014 വർഷത്തെ കടിശ്ശിക ഏജന്റുമാർക്ക് നൽകിയതായി കാണുന്നു. ഭാവിയിൽ കടിശ്ശിക നൽകുന്ന രീതി ഒഴിവാക്കേണ്ടതാണ്.

## 3-17 ഭവനനിർമ്മാണം: ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല

താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിനായി തുക കൈപ്പറ്റിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | വർഷം | യൂണിറ്റ് കോസ്റ്റ് | വാർഡ് | കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയ തിയ്യതി | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | രാജൻ കടപ്പക്കുടി മീത്തൽ | 2011-12 | 200000/- | 10 | 92500/- | 40000/13-1-16 | മേൽക്കൂര കെട്ടി |
| 2 | ശാന്ത ആയിരോണ്ടതിൽ കോട്ടേജ് | 2011-12 | 200000/- | 19 | 140000/- | 80000/13-1-2015 | ചുമർ ഭാഗികം |
| 3 | ശാരദ കേളോത്ത് | 2011-12 | 200000/- | 10 | 140000/- | 80000/22-2-2015 | ചുമർ കെട്ടി |
| 4 | വനജ ബാബു | 2015-16 | 200000/- | 6 | 140000/- | 40000/20-10-14 | മേൽക്കൂര വാർത്തു |
| 5 | പ്രബില രാജീവൻ | 2015-16 | 200000/- | 1 | 140000/- | 60000/-20-10-14 | ചുമർ കെട്ടി |
| 6 | സുനിത രാജീവൻ വടകക്കേ മറ്റത്ത് | 2015-16 | 200000/- | 6 | 140000/- | 60000/-20-10-16 | ചുമർ കെട്ടി |
| 7 | ശ്രീജ കണ്ടിയിൽ | 2015-16 | 200000/- | 18 | 140000/- | 60000/20-10-16 | ചുമർ കെട്ടി |
| 8 | ദേവി തടത്തിൽ | ആശ്രയ | 250000/- | 14 | 125000/- | 100000/20-10-16 | ലിന്റൽ വാർത്തു |
| 9 | പ്രസന്ന മാവുള്ള കണ്ടിയിൽ | 2006-2007 | 35000/- | 14 | 31500/- | 24500/-2-8-2007 | ഭാഗികമായി പൂർത്തിയാക്കി |
| 10 | രാജൻ ആന്താരം കണ്ടിയിൽ | 2007-08 | 50000/- | 10 | 45000/- | 20000/-19-11-08 | ലിന്റൽ വാർത്തു |
| 11 | ദാമു ആശാരികണ്ടിയിൽ | 2007-08 | 50000/- | 10 | 45000/- | 20000/-20-4-09 | ഭാഗികമായി മേൽക്കൂര പൂർത്തിയാക്കി |
| 12 | നാണു .കെ കളിച്ചാട്ട് | 2007-08 | 50000/- | 9 | 25000/- | 15000/-13-4-09 | ചുമർ കെട്ടി |
| 13 | പ്രമോദ് വട്ടപ്പറമ്പത്ത് | 2007-08 | 50000/- | 5 | 45000/- | 20000/-25-9-09 | മേൽക്കൂര വാർത്തു |

| | | | | | | | |
|---|---|---|---|---|---|---|---|
| 14 | പുഷ്പ പുത്തൻ പുരയിൽ | 2007-08 | 50000/- | 7 | 40000/- | 15000/-9-8-11 | ചുമർ കെട്ടി |
| 15 | ഹരിദാസൻ ഇളവന | 2007-08 | 50000/- | 10 | 25000/- | 15000/-11-1-10 | ചുമർ കെട്ടി |

മേൽക്കുര വാർത്തവർ ഒഴികെ പ്രവൃത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് നോട്ടീസ് അയക്കേണ്ടതും പ്രവൃത്തി പൂർത്തീകരിക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 2,05,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 2,05,000 | -- |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2,05,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 2,05,000 | -- |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് സ്ഥാപനങ്ങൾക്ക് മുൻകൂർ തുകയൊന്നും നൽകിയിട്ടില്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവൊന്നുമില്ല. കൂടാതെ മുൻ വായപകളൊന്നും തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നുമില്ല.

### 4-5 സ്ഥിരനിക്ഷേപങ്ങൾ

- ഇല്ല -

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 40,851/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2005-06 | 2-5 | 40,851 | ശ്രീ കെ.ദയാനന്ദൻ, യു.ഡി ക്ലാർക്ക് | 11503900027/ 01.01.2016 |
| ആകെ | | 40,851 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1998-99 | 14 | 2003-04 | പൊതുപരാമർശം | വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെടുന്നില്ല. |
| 1999-2000 | 16 | 2003-04 | പൊതുപരാമർശം | തൊഴിൽ യൂണിറ്റുകൾ പരാജയം |
| 1999-2000 | 2-1 | 2005-06 | പൊതുപരാമർശം | തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് വരവ് – കാലഹരണ പ്പെട്ട തുകകളുടെ വിവരം |
| 1999-2000<br>2000-2001<br>1998-1999 | | 2003-04 | മറ്റ് പരാമർശങ്ങൾ | 1. ഓല വീട് ഓട് മേയൽ – ക്രമക്കേട്.<br>2.വീട് റിപ്പയർ – പട്ടികജാതി പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>3.കിഴക്കയിൽ മീത്തൽ കിണർ നിർമ്മാണപ്രവൃത്തി- കൺവീനർ മുൻകൂർ |
| 2000-01 | 2(2) | 2006-07 | പൊതുപരാമർശം 3.79.1 | കെട്ടിട നികുതി, തൊഴിൽ നികുതി തനത് വരുമാനം യഥാസമയം പിരിക്കാത്തതിനാൽ കാലഹരണപ്പെട്ടു. |
| | 2(1) | | പൊതുപരാമർശം 3.79.3 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് അപാകതകൾ |
| 2002-03 | 3-5 | 2007-08 | 3.62.1 | വനിതാവ്യവസായകേന്ദ്രം കോൺക്രീറ്റ് കെട്ടിടം തകർന്നത് സംബന്ധിച്ച |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,08,85,055 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,60,83,653 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,100 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 22,73,266 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 3-4 | -- | 1,100 | ശ്രീമതി പി.സനിഷ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | -- | 2,000 | ശ്രീ ദീപു രാജു, സെക്രട്ടറി |
| ആകെ | | 3,100 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 5,00,000 | ശ്രീ ദീപു രാജു, സെക്രട്ടറി |
| 3-7 | 10,01,490 | ശ്രീ അസ്ലം അലി അഹമ്മദ്, കൃഷി ഓഫീസർ |
| 3-8 | 2,10,000 | ശ്രീ ദീപു രാജു, സെക്രട്ടറി |
| | 1,500 | ശ്രീ അനിൽകുമാർ നൊച്ചിയിൽ, സെക്രട്ടറി |
| 3-9 | 92,150 | ശ്രീ ദീപു രാജു, സെക്രട്ടറി |
| 3-10 | 1,62,000 | ശ്രീ അനിൽകുമാർ നൊച്ചിയിൽ, സെക്രട്ടറി |
| 3-12 | 29,500 | ശ്രീമതി വി.കെ സിന്ദു, കൃഷി ഓഫീസർ |
| | 2,76,626 | ശ്രീ അസ്ലം അലി അഹമ്മദ്, കൃഷി ഓഫീസർ |
| ആകെ | 22,73,266 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ അനിൽകുമാർ നൊച്ചിയിൽ, സെക്രട്ടറി | സെക്രട്ടറി, തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് | ജ്യോതിർ ഗമയ, മന്ദരത്തൂർ പി.ഒ, പിൻ 673105 |
| ശ്രീ ദീപു രാജു, സെക്രട്ടറി | സെക്രട്ടറി, തലക്കുളത്തൂർഗ്രാമപഞ്ചായത്ത് | തെക്കനത്ത് വീട്, നോർത്ത് പറവൂർ പി.ഒ, എറണാകുളം |
| ശ്രീമതി പി.സനിഷ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് | വലിയവീട്ടിൽ, കടമേരി പി.ഒ, പിൻ 673542 |
| ശ്രീമതി വി.കെ സിന്ദു, കൃഷി ഓഫീസർ | കൃഷി ഓഫീസർ, തിക്കോടി കൃഷി ഭവൻ | ഐശ്വര്യ, പുതിയങ്ങാടി, പിൻ 673021 |
| ശ്രീ അസ്ലം അലി അഹമ്മദ്, കൃഷി ഓഫീസർ | താൽക്കാലിക നിയമനം | റൂം നമ്പർ 3, ബ്ലോക്ക് നമ്പർ 3, റെഡ്ഫോർട്ട് ഹോസ്റ്റൽ, തമിഴ്നാട് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1998-99 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി9/1685/11(3)/15-11-2011 | 3 |
| 1998-99 (വരവ്) | എൽ.എഫ്.കെ.കെ.ഡി/പി9/1685/11(4) /15-11-2011 | 2 |
| 1999-00 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി9/1685/11(6)/15-11-2011 | 3 |
| 1999-00 (വരവ്) | എൽ.എഫ്.കെ.കെ.ഡി/പി9/1685/11(5)/15-11-2011 | 1 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി9/1685/11(8)/15-11-2011 | 4 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി9/1685/11(9)/15-11-2011 | 2 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി9/1685/11(11)/15-11-2011 | 10 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി9/1685/11(12)/15-11-2011 | 2 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി9//494/09/03-04-09 | 13 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി6/1060/90/03-12-09 | 19 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി9/390/11/26-04-11 | 11 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി9/1783/11/21-11-11 | 21 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി5/1390/12/30-07-12 | 15 |
| 2009-10 2010-11 | എൽ.എഫ്.കെ.കെ.ഡി/പി5-1294/12 /31-07-12 | 17 |
| 2011-12 2012-13 | എൽ.എഫ്.കെ.കെ.ഡി/പി9/299/14/17-05-14 | 12 |
| 2013-14 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി5/1297/1/26-07-16 | 21 |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം</u>

## 1

കെ.എസ്.എ.കെ.കെ.ഡി/ പി.5/2200/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012
തീയതി- 12.01.2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ

അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA.KKD/P5/2200/16

Kerala State Audit Department

District Audit Office, Kozhikode

Phone - 0495 2371012
E-mail – dokkd.ksad@kerala.gov.in
Dated – 12.01.2016

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Villiappally Grama Panchayat in Kozhikode District for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statement of Villiappally Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR